**പതിനാലാം കേരള നിയമസഭ**
**പതിനാൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1667 10.03.2020-ൽ മറുപടിയ്ക്ക്.**

**എസ്. സി/എസ്.ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ്**

| **ചോദ്യം**<br>**ശ്രീ.വി.പി.സജീന്ദ്രൻ** | | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | എസ്.സി./എസ്.ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം ലഭിച്ച തസ്തികയിൽ നിന്നും ആരെങ്കിലും ജോലി രാജി വയ്ക്കുകയോ ഏതെങ്കിലും വിധത്തിൽ ജോലിയിൽ നിന്നും പിരിഞ്ഞ് പോകുകയോ ചെയ്താൽ എസ്.സി/എസ്.ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് റാങ്ക് ലിസ്റ്റ് നിലനിൽക്കുന്നിടത്തോളം പ്രസ്തുത വേക്കൻസി സ്പെഷ്യൽ ആയി തന്നെ പി.എസ്.സിയെ അറിയിക്കണം എന്ന G.O.(Ms)268/92/GAD dt.15.07.1992 പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര വകുപ്പിൽ ഇത്തരത്തിൽ നിയമനം നടന്നുവെന്ന് തസ്തിക തിരിച്ചും വകുപ്പ് തിരിച്ചും അറിയിക്കാമോ; | (എ) & (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഉത്തരവ് പ്രകാരം ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല എന്നും ഈ തസ്തികകൾ ഇപ്പോഴും ഒഴിഞ്ഞ് കിടക്കുകയാണോ എന്നും വ്യക്തമാക്കാമോ; | | |
| (സി) | ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിൽ അസിസ്റ്റന്റ് മറൈൻ തസ്തികയിൽ ഇത്തരത്തിൽ വേക്കൻസി യഥാസമയം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാത്തത് കാരണം ശ്രീ.സനീഷ് എന്ന വ്യക്തിക്ക് അവസരം നഷ്ടമായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ ഉദ്യോഗസ്ഥരുടെ അനാസ്ഥ കാരണം ഒരു ഉദ്യോഗാർത്ഥിക്ക് ജോലി നഷ്ടമായതിന് എന്ത് പരിഹാര നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത വിഷയം പരിശോധിച്ച് ബന്ധപ്പെട്ടവർക്കെതിരെ ഉചിതമായ അച്ചടക്കനടപടി സ്വീകരിക്കുവാൻ ഭരണ വകുപ്പായ മത്സ്യബന്ധനവും തുറമുഖവും വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**